LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി

198 (3630) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ മുണ്ടക്കുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് കീഴിൽ ആനമൈതടം എന്ന സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ മുണ്ടക്കുളം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ആനമൈതടം എന്ന സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി 23-10-2020-ന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളും നിലവിലെ തടസ്സവും എന്താണെന്ന് വ്യക്തമാക്കുമോ?

പ്രവൃത്തി ആരംഭിക്കുകയും ആവശ്യമായ പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തു. ഒരു കിലോമീറ്റർ ഹൈ ടെൻഷൻ എ.ബി.സി. വലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

ഉഡുപ്പി - പുത്തൂർ - കരിന്തളം വൈദ്യുതി ലൈൻ

199(3631) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് മണ്ഡലത്തിലെ ഉഡുപ്പി-പുത്തൂർ-കരിന്തളം വൈദ്യുതി ലൈൻ വലിക്കുന്നതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉഡുപ്പി-കാസർഗോഡ് (കരിന്തളം) 400 കെ.വി വൈദ്യുതി ലൈനിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളുണ്ടെന്ന് വ്യക്തമാക്കാമോ; പദ്ധതിയിൽ സബ് സ്റ്റേഷൻ നിർമ്മാണമുണ്ടെങ്കിൽ എവിടെയാണെന്നും എത്ര കെ.വി ശേഷിയുള്ളതാണെന്നും വ്യക്തമാക്കാമോ?

ഉഡുപ്പി സബ്സ്റ്റേഷനിൽ 400 കെ.വി. ബേ നിർമ്മാണം ഉഡുപ്പിയിൽ നിന്നും കാസർഗോഡ് ജില്ലയിലെ കരിന്തളത്തേയ്ക്ക് 115 km., 400 KV ലൈൻ നിർമ്മാണം. കരിന്തളത്ത് 400/220 KV സബ്സ്റ്റേഷൻ നിർമ്മാണം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുടെ തുക എത്രയാണെന്നും ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി സ്വകാര്യ മേഖലയിലാണോ നടപ്പാക്കുന്നത്; എങ്കിൽ ബന്ധപ്പെട്ട കമ്പനിയുടെ/വ്യക്തിയുടെ പേര് വ്യക്തമാക്കാമോ?

(സി &ഡി) പ്രസ്തുത പദ്ധതിയുടെ തുകയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല. ഈ പ്രവൃത്തി കേന്ദ്ര ഊർജ്ജ മന്ത്രാലയം (MoP), RECTPCL എന്ന ബിഡ് പ്രോസസ്സർ കോ-ഓർഡിനേറ്റർ മുഖേന Tariff Based Competitive Biddings (TBCB) എന്ന രീതിയിൽ ടെണ്ടർ വിളിക്കുകയും ഏറ്റവും കുറഞ്ഞ തുകയിൽ കോട്ട് ചെയ്ത M/s Sterlite Power Transmission Limited (SPTL)ന് പ്രവൃത്തി ലഭിക്കുകയും ചെയ്തു. M/s. Sterlite Power Transmission Limited പിന്നീട് Uduppi Kasaragod Transmission Limited (UKTL) എന്ന പേരിൽ ഒരു SPV രൂപീകരിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) പദ്ധതിയുടെ ചെലവ് എത്രയാണെന്നും പദ്ധതി മുഖേന ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ഗുണം എന്താണെന്നും വ്യക്തമാക്കാമോ?

കേന്ദ്ര ഊർജ്ജ മന്ത്രാലയം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ചെലവ് സംബന്ധിച്ച വിവരം ലഭ്യമല്ല. നിലവിൽ കണ്ണൂർ-കാസർഗോഡ് ജില്ലകളിലേയ്ക്ക് വൈദ്യുതി എത്തുന്നത് അരീക്കോട് 400 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള 220 കെ.വി ലൈനുകൾ വഴിയാണ്. ഈ ലൈനുകളിൽ എന്തെങ്കിലും തകരാർ സംഭവിച്ചാൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾ പൂർണ്ണമായും ഇരുട്ടിലാവും. ഇതിനൊരു ശാശ്വത പരിഹാരമാണ് കാസർഗോഡ് കരിന്തളത്ത് വരാൻ പോകുന്ന 400 കെ.വി സബ്സ്റ്റേഷൻ. ഇവിടെ നിന്നും കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലയുടെ ഒരു ഭാഗം എന്നിവിടങ്ങളിലേയ്ക്ക് വൈദ്യുതി നല്കാനാകും. കൂടാതെ, കേരളത്തിലേയ്ക്കുള്ള പവർ ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കും. ഉത്തരകേരളത്തിൽ ഒരു പവർഹൈവേയും ഈ പദ്ധതിയിലൂടെ ലഭ്യമാകും.

സൗജന്യമായി വൈദ്യുതി ലഭിക്കുന്നത് സംബന്ധിച്ച്

200(3632) <u>ശ്രീമതി യു പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി സൗജന്യമായി ലഭിക്കുന്നത് ആർക്കൊക്കെയെന്നും എത്ര യൂണിറ്റ് വീതമെന്നും വിശദമാക്കാമോ?